(ഡി) 2006-10 കാലയളവിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ വിവരങ്ങൾ

	2006-07	2007-08	2008-09	2009-10
	(ദശലക്ഷം യൂണിറ്റിൽ)			
ജലസ്ത്രോതസ്സ് (കെ.എസ്.ഇ.ബി)	7496.62	8327.45	5839.28	6646.27
കെ.ഡി.പി.പി.	161.57	278.38	437.04	359.44
ബി.ഡി.പി.പി.	85.35	95.76	216.49	232.83
കാറ്റ് (കഞ്ചിക്കോട്)	2.14	1.96	1.68	1.84
ക്യാപ്റ്റീവ് ജനറേഷൻ	90.55	101.70	63.72	68.04
സ്വകാര്യ നിലയങ്ങൾ [ബി.എസ്.ഇ.എസ്., കെ.പി.സി.എൽ. കായംകുളം, അളുങ്കൽ, എം.പി.എസ്സ്.റ്റീൽ, കാറ്റ് (അഗളി), രാമക്കൽമേട്)]	35.38	196.43	1591.15	1926.46

വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം പരിഹരിക്കാൻ നടപടി

150 (4213) ശ്രീ. കോലിയൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പരിസരവാസികളുടെ തർക്കങ്ങളെ തുടർന്ന് വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ വൈദ്യുതി വകുപ്പ് സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005 റെഗുലേഷൻ (6) പ്രകാരം പരിസരവാസികളുടെയും മറ്റും നിയമപരമായ എല്ലാ അനുമതികളും വാങ്ങി നൽകേണ്ടത് ഉപഭോക്താവിന്റെ ചുമതലയാണെങ്കിലും ഇത്തരം തർക്കങ്ങൾ ഉണ്ടാകുന്ന അപേക്ഷകളിൽ ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 68 പ്രകാരം ഓവർ ഹെഡ്ലൈൻ സ്ഥാപിക്കുന്നതിലെ തർക്കങ്ങൾ പരിഹരിക്കാൻ ആയത് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ തീരുമാനത്തിന് വിടണമെന്ന നിയമത്തിന്റെ രീതി പിൻതുടർന്ന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് പരിസരവാസി

LIBRARY ARCHIVES Kerala Legislative Assembly

കളുടെ എല്ലാവിധ തർക്കങ്ങളിലും തീർപ്പ് ഉണ്ടാക്കാനായി ആയവ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന് സമർപ്പിച്ച് പ്രസ്തുത കണക്ഷൻ നൽകുന്നതിലെ സാങ്കേതികവും സാമ്പത്തികവുമായ എല്ലാ വശങ്ങളും അദ്ദേഹത്തിന്റെ പരിഗണനക്ക് സമർപ്പിച്ച് സമയബന്ധിതമായി തീർപ്പ് ഉണ്ടാക്കി വൈദ്യുതി കണക്ഷൻ നൽകിവരുന്നു.

വൈദ്യുതി ബോർഡിന്റെ വരവ്-ചെലവ് കണക്കുകൾ

151 (4214) ശ്രീ. എം. ഉമ്മർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ വരവ്-ചെലവ് കണക്കിന് റഗുലേറ്ററി കമ്മീഷൻ അംഗീകാരം നൽകേണ്ടതുണ്ടോ എങ്കിൽ അതിന്റെ നടപടി ക്രമങ്ങൾ വിശദീകരിക്കാമോ ;

(ബി) വൈദ്യുതി ബോർഡിന്റെ ഏതെല്ലാം വർഷങ്ങളിലെ കണക്കു കളാണ് റഗുലേറ്ററി കമ്മീഷൻ ഓഡിറ്റ് ആവശ്യപ്പെട്ടത് ;

(സി) ബോർഡ് ഏതെല്ലാം വർഷങ്ങളിലെ കണക്കുകൾ നൽകി ;

(ഡി) ബോർഡിന്റെയും റഗുലേറ്ററി കമ്മീഷന്റേയും കണക്കുകൾ കമ്മിയുടെ കാര്യത്തിൽ വ്യത്യാസങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണം എന്താണ് ;

(ഇ) 2009-10 വർഷത്തെ ഉൽപ്പാദനം, വൈദ്യുതി വാങ്ങൽ, ശമ്പളം എന്നീ ഇനങ്ങളിൽ എത്ര രൂപ ചെലവായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരം വൈദ്യുതി ബോർഡിന്റെ പ്രതീക്ഷിത വാർഷിക വരവ്ചെലവ് കണക്കുകൾ (ARR&ERC) സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനെ മുൻകൂട്ടി അറിയിക്കേണ്ടതുണ്ട്. അതനുസരിച്ച് 2003-04 മുതൽ 2010-11 വരെ യഥാസമയം ബോർഡ് കമ്മീഷനു കണക്കുകൾ പെറ്റീഷനായി സമർപ്പിച്ചുവരുന്നു. പ്രസ്തുത കണക്കുകൾ പരിശോധിച്ചശേഷം കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടാൽ ബോർഡ് നൽകാറുണ്ട്. ബോർഡ് സമർപ്പിച്ച കണക്കുകളുടെ സംക്ഷിപ്ത രൂപം മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പൊതു ജനങ്ങൾക്കും തൽപ്പരകക്ഷികൾക്കുമുള്ള അഭിപ്രായങ്ങൾ രേഖാമൂലമോ, തെളിവെടുപ്പു സമയത്തോ കമ്മീഷനെ അറിയിക്കാവുന്നതാണ്. ഇവ ആധാരമാക്കി ബോർഡ് സമർപ്പിച്ച പ്രതീക്ഷിത വരവുചെലവ് കണക്കുകൾ ഭേദഗതികളോടെയോ അല്ലാതെയോ ആണ് കമ്മീഷൻ അംഗീകരിക്കാറുള്ളത്.

(ബി) ബോർഡിന്റെ കണക്കുകളൊന്നും കമ്മീഷൻ ആഡിറ്റിന് ആവശ്യപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly